LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് നടപ്പിൽ വരുത്തുന്നതാണ്.

അസാപ് സ്കിൽപാർക്ക്

168 (1153) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ വെള്ളിയൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ അനുവദിച്ച് പ്രവൃത്തി ഉദ്ഘാടനം ചെയ്ത അസാപ് സ്കിൽപാർക്ക് പ്രസ്തുത സ്കൂളിനുണ്ടാകാനിടയുള്ള അസൗകര്യം കാരണം എടരിക്കോട് പഞ്ചായത്തിലെ പുത്തുപ്പറമ്പ് ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ?

എ.ഡി.ബി.-യുടെ സഹായത്തോടെ തുടങ്ങിയ അസാപ് എന്ന പദ്ധതിയിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി.എസ്.പി.) നിർമ്മിക്കാൻ തീരുമാനമായിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ നിർമ്മാണം ആരംഭിച്ച സി.എസ്.പി. പ്രാദേശിക എതിർപ്പുകാരണം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. സമയബന്ധിതമായി പണി കഴിപ്പിക്കേണ്ടിയിരുന്ന ഈ പദ്ധതി, സി.എസ്.പി. നിർമ്മിക്കാനുള്ള ഭൂമി അസാപ്പിന് വിട്ടുകിട്ടിയ മുൻഗണനാക്രമത്തിൽ ആരംഭിക്കുകയായിരുന്നു. 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുതിയ സി.എസ്.പി.-കൾ തുടങ്ങാൻ എ.ഡി.ബി.-യുടെ അനുമതിയില്ല. അതിനാൽ എടരിക്കോട് പഞ്ചായത്ത് പുത്തുപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിന്റെ സ്ഥലത്ത് സി.എസ്.പി. നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ പരീക്ഷ

169 (1154) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. കെ.ജി.ടി.ഇ. കൊമേഴ്സ് ഗ്രൂപ്പ് ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്.

(ബി) ഈ വിഷയത്തിൽ സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മേഖലയിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടോ അല്ലാതെയോ ഏതെങ്കിലും സമിതികളെ നിയോഗിക്കുകയോ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സിലബസ് പരിഷ്കരണം നടത്തുന്നതിന് പോളിടെക്ക്നിക്ക് കോളേജ്, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്.

എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി. കെട്ടിടനിർമ്മാണം

170 (1155) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി.-ക്ക് സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടും പ്രസ്തുത പ്രവൃത്തി തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആയത് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധമായ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (LBSIIST) എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ 130.14 കോടി രൂപ മുതൽമുടക്കിൽ സ്ഥാപിക്കാൻ 2400/2013/ഉ.വി.വ, 06-12-2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ജനങ്ങളെ ശാക്തീകരിക്കാനുള്ള ഉദ്യമം ലക്ഷ്യമിട്ടാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്